പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2759 **28-10-2026-ൽ മറുപടിയ്ക്ക്**

കൃഷിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വർഗീസ് മാമ്മൻ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) കേരളത്തിൽ പ്രവർത്തിക്കുന്ന കൃഷിവെള്ള കമ്പനികളുടെ വിശദാംശങ്ങൾ രജിസ്ട്രേഷൻ നമ്പർ, തദ്ദേശസ്വയംഭരണ സ്ഥാപനം, ജില്ല ഇവ തിരിച്ചു ലഭ്യമാക്കുമോ;

മറുപടി: നിലവിൽ പ്രവർത്തിക്കുന്ന കൃഷിവെള്ള കമ്പനികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ബി) ഇത്തരം കൃഷിവെള്ള കമ്പനികളുടെ വെള്ളത്തിന്റെ ഗുണനിലവാരം ആരാണ് പരിശോധിക്കുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: ദൈനംദിന പരിശോധനയുടെ ഭാഗമായി ഭക്ഷ്യസുരക്ഷാ ഓഫീസർമാർ കൃഷിവെള്ളത്തിന്റെ സാമ്പിൾ ശേഖരിച്ച് NABL അക്രെഡിറ്റഡ് ലാബുകളിൽ പരിശോധനയ്ക്ക് നൽകാറുണ്ട്.

(സി) ഗുണനിലവാരം സംബന്ധിച്ച് സർട്ടിഫിക്കറ്റ് വിതരണം ചെയ്യാറുണ്ടോ; എങ്കിൽ എത്ര കാലയളവിലേക്കാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: ഇല്ല. പരിശോധനയ്ക്കായി ലഭ്യമാക്കുന്ന വെള്ളത്തിന്റെ പരിശോധനാ റിപ്പോർട്ട് ലാബുകളിൽ നിന്നും നൽകാറുണ്ട്.

(ഡി) പരാതി സമർപ്പിക്കാൻ പൊതുജനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യം എന്താണെന്ന് വ്യക്തമാക്കാമോ?

മറുപടി: ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഗ്രീവൻസ് പോർട്ടൽ, ടോൾ ഫ്രീ നമ്പർ, Eat Right Kerala ആപ്പ് , FSSAI യുടെ Food Safety Connect App, എന്നിവയിലൂടെ പൊതുജനങ്ങൾക്ക് പരാതി സമർപ്പിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ